കപ്പൽ സർവ്വീസിനെക്കുറിച്ച് പഠനം

*5 [81] *ശ്രീ. എ. സുജനപാൽ:*
,, *വി. ജെ. പൗലോസ്:*
„ *ലൂഡി ലൂയിസ്:*
,, *പി. ടി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിഴിഞ്ഞത്തു നിന്ന് കൊളംബോയിലേക്ക് കപ്പൽ സർവ്വീസ് ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) സംസ്ഥാനത്തെ മൈനർ പോർട്ടുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് കപ്പൽ സർവ്വീസ് നടത്തുന്നതിനെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ എന്നു വെളിപ്പെടുത്താമോ?

ഗതാഗത വകുപ്പുമന്ത്രി *(ശ്രീ. എൻ. ശക്തൻ):*

(എ) കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ വിഴിഞ്ഞം-കൊളംബോ കപ്പൽ സർവ്വീസ് ആരംഭിക്കുവാൻ ഉദ്ദേശമുണ്ട്.

(ബി) സംസ്ഥാനത്തെ ചെറിയ തുറമുഖങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് കപ്പൽ സർവ്വീസ് നടത്തുന്നതിനെപ്പറ്റി യാതൊരുവിധ പഠനങ്ങളും നടത്തിയിട്ടില്ല.

സംസ്ഥാന സഹകരണ ബാങ്ക് നൽകുന്ന വിദ്യാഭ്യാസ വായ്പ

*6 [82] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:*
ശ്രീ. പി. ജയരാജൻ:
„ *മഞ്ഞളാംകുഴി അലി:*
„ *എം. വി. ഗോവിന്ദൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനത്തിന് നൽകേണ്ട തുകയ്ക്കായി വിദ്യാർത്ഥികൾക്ക് വായ്പ നൽകുവാൻ സംസ്ഥാന സഹകരണ ബാങ്ക് സ്വകാര്യസ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിരുന്നുവോ;

(ബി) എങ്കിൽ ഏത് സ്ഥാപനവുമായിട്ടാണെന്നും കരാറിലെ വ്യവസ്ഥകൾ എന്തെല്ലാമായിരുന്നുവെന്നും വെളിപ്പെടുത്തുമോ;

(സി) സംസ്ഥാന സഹകരണ ബാങ്കിന്റെ പണം സ്വകാര്യ ഏജൻസികൾ വഴി വിദ്യാഭ്യാസ വായ്പയ്ക്കായി നൽകുന്നതിന് നിയമവ്യവസ്ഥയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly